# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**22/02/2026** | **മാർക്ക് - 50**
**10.30am - 12.30pm** | **STD - V** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. മോശയുടെ നിയമത്തിന്റെ രത്നചുരുക്കമെന്ത്?
2. സമൂഹത്തിലെ അവഗണിക്കപ്പെട്ടവരെ പങ്കെടുപ്പിച്ചുക്കൊണ്ട് ആഘോഷിച്ചിരുന്ന തിരുനാൾ ഏത്?
3. ആരുടെ നാവിനെയാണ് വിശുദ്ധീകരിക്കുന്ന അഗ്നികൊണ്ട് ദൈവം പരിശുദ്ധമാക്കിയത്?
4. സിനഗോഗ് എന്ന പേരുണ്ടായ 'സുനാഗോ' എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥമെന്ത്?
5. ജെറുസലേമിൽ കർത്താവിനായി മനോഹരമായ ദൈവാലയം പണികഴിപ്പിച്ചത് ആര്?
6. ഭൂമിയിലെ മരണം സ്വർഗ്ഗത്തിലെ ജനനമാണെന്ന് പറഞ്ഞതാര്?
7. യാക്കോബിന്റെ 12 ഗോത്രങ്ങളിൽ പുരോഹിത സ്ഥാനമുള്ള ഗോത്രമേത്?
8. ആഹാബ് രാജാവിന്റെ വിഗ്രഹാരാധനയെ എതിർത്ത പ്രവാചകനാര്?
9. കഴുതക്കുട്ടിയുടെ പുറത്തുകയറി വിനയാന്വിതനായി വരുന്ന രാജാവായി ക്രിസ്തുവിനെ അവതരിപ്പിക്കുന്ന പ്രവാചകനാര്?
10. കാർലോയെ ഇന്നത്തെ യുവജനങ്ങളുടെ മാതൃകയായി പരാമർശിച്ചതാര്?

| |
|---|
| ഒന്നിച്ചുകൂടുക |
| കൂടാരത്തിരുനാൾ |
| ലേവി |
| പത്തു കല്പനകൾ |
| യൂദാ |
| ഏശയ്യാ |
| സഖറിയാ |
| സാമുവൽ |
| ഏലിയാ |
| വി. ഫ്രാൻസിസ് അസ്സീസി |
| ദാവീദ് |
| പന്തക്കുസ്താത്തിരുനാൾ |
| ജോൺ പോൾ II |
| സോളമൻ |
| ഫ്രാൻസിസ് പാപ്പ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. താഴെ കൊടുത്തിരിക്കുന്നവരിൽ നിന്ന് സഭാപിതാക്കന്മാരെ കണ്ടെത്തി എഴുതുക.

| | | | | |
|---|---|---|---|---|
| മിക്കാ | സിപ്രിയാൻ | ജോഷ | അപ്രേം | അഗസ്റ്റിൻ |
| ബേസിൽ | ആമോസ് | ഇരണേവൂസ് | അംബ്രോസ് | |

12. ............. ജീവിതസാഹചര്യങ്ങളിൽ രൂപം കൊണ്ട പ്രാർത്ഥനാഗീതങ്ങളാണ് സങ്കീർത്തനങ്ങൾ. ........... ആണ് സങ്കീർത്തനങ്ങൾ രചിച്ചത്. വിശുദ്ധ ഗ്രന്ഥത്തിൽ ആകെ........... സങ്കീർത്തനങ്ങളാണ് ഉള്ളത്. ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ സങ്കീർത്തനങ്ങളെ ..........., ........, ......... എന്നിങ്ങനെ മൂന്നു ഗണങ്ങളായി തിരിക്കാം.

## C. ചേരുംപടി ചേർക്കുക 1X5=5

| | | |
|---|---|---|
| 13. സോളമൻ | - | എസെക്കിയേൽ |
| യോംകിപ്പൂർ | - | ജറെമിയ |
| നീസാൻ മാസം | - | പാപപരിഹാരദിനം |
| മിശിഹാ നല്ല ഇടയൻ | - | പന്തക്കുസ്താത്തിരുനാൾ |
| ഇമ്മാനുവേൽ പ്രവചനം | - | ജ്ഞാനിയായ രാജാവ് |
| | - | ഏശയ്യാ |
| | - | പെസഹാ ഭക്ഷണം |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ എഴുതുക.
15. ലോകത്തിലെ ഏറ്റവും വലിയ കത്തോലിക്കാ ക്വിസ് പ്രോഗ്രാം?
16. വചനം പൂർത്തിയാക്കുക. സങ്കീർത്തനങ്ങൾ 71 :14, "ഞാൻ എപ്പോഴും പ്രത്യാശ ........."
17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പ്രാവ്' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. ഇസ്രായേൽക്കാരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവെന്ത്?
19. പന്തക്കുസ്താ തിരുനാളിന്റെ അടിസ്ഥാനമെന്ത്?
20. പുതിയ ഇസ്രായേലായ സഭയിലെ രണ്ട് തരം കല്പനകൾ ഏവ?
21. വലിയ പ്രവാചകർ എന്നറിയപ്പെടുന്നവർ ആരൊക്കെ?
22. ആഴ്ച്ചയുടെ ആദ്യ ദിനമായ ഞായറാഴ്ച്ച ക്രൈസ്തവർ വിശുദ്ധ ദിനമായി കണക്കാക്കുന്നത് എന്തുകൊണ്ട്?

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

23. ഉപപാഠപുസ്തകത്തിലെ 'സ്നേഹം തന്നെയായ ദൈവം' എന്ന പാഠഭാഗത്തെ ആസ്പദമാക്കി കാർലോയുടെ ദൈവസ്നേഹത്തെപ്പറ്റിയും, പുണ്യപ്രവൃത്തികളെപ്പറ്റിയും, പ്രാർത്ഥനയെപ്പറ്റിയും വിവരിക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# CLASS V

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക 1X10=10

1. പത്തു കല്പനകൾ (പാഠം 9/ പേജ് 65/ പാര 1)
2. പന്തക്കുസ്താത്തിരുനാൾ (പാഠം 11/ പേജ് 76/പാര 3)
3. ഏശയ്യാ (പാഠം 14/ പേജ് 95/പാര 2)
4. ഒന്നിച്ചുകൂടുക (പാഠം 12/ പേജ് 82/പാര 4)
5. സോളമൻ (പാഠം 13/ പേജ് 89/പാര 4)
6. വി. ഫ്രാൻസിസ് അസ്സീസി (ഉപപാഠം 9/ പേജ് 30/പാര 3)
7. ലേവി (പാഠം 13/ പേജ് 90/പാര 3)
8. ഏലിയാ (പാഠം 14/ പേജ് 94/പാര 3)
9. സഖറിയാ (പാഠം 15/ പേജ് 101/പാര 3)
10. ഫ്രാൻസിസ് പാപ്പ (ഉപപാഠം 10/ പേജ് 32/പാര 3)

## B. തരം തിരിക്കുക & പൂരിപ്പിക്കുക 3X2=6

11. പാഠം 14/ പേജ് 96/പാര 3

ഇരണേവൂസ്, സിപ്രിയാൻ, അംബ്രോസ്, അഗസ്റ്റിൻ, ബേസിൽ, അപ്രേം

12. പാഠം 12/ പേജ് 83/പാര 1, 2

ഇസ്രായേൽജനത്തിന്റെ / ദാവീദു രാജാവാണ് / നൂറ്റിയമ്പതു / സ്തുതി ഗീതങ്ങൾ, വിലാപകീർത്തനങ്ങൾ, കൃതജ്ഞതാകീർത്തനങ്ങൾ

## C. ചേരുംപടി ചേർക്കുക 1X5=5

13. സോളമൻ - ജ്ഞാനിയായ രാജാവ് (പാഠം 13/ പേജ് 89/പാര 4)

യോംകിപ്പൂർ - പാപപരിഹാരദിനം (പാഠം 11/ പേജ് 76/പാര 4)

നീസാൻ മാസം - പെസഹാ ഭക്ഷണം(പാഠം 11/ പേജ് 75/പാര 4)

മിശിഹാ നല്ല ഇടയൻ - എസെക്കിയേൽ (പാഠം 15/ പേജ് 101/പാര 3)

ഇമ്മാനുവേൽ പ്രവചനം - ഏശയ്യാ (പാഠം 15/ പേജ് 100/പാര 4)

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. 1. പ്രസാദവരം ഉണ്ടായിരിക്കുന്നത്

2. ദിവ്യകാരുണ്യ സ്വീകരണത്തിനുമുമ്പ് ഒരു മണിക്കൂർ നേരത്തേക്ക് ഉപവസിക്കുന്നത്

3. വേണ്ടത്ര ഭക്തിയും ഒരുക്കവും ഉണ്ടായിരിക്കുന്നത്

(നമസ്കാരങ്ങൾ, പേജ് 11)

15. ലോഗോസ് ക്വിസ് (സത്യദീപം, 2025 December 3)

16. "ഞാൻ എപ്പോഴും പ്രത്യാശയുള്ളവനായിരിക്കും. അങ്ങയെ മേൽക്കുമേൽ പുകഴ്ത്തുകയും ചെയ്യും." (സങ്കീർത്തനങ്ങൾ 71 :14) (വചനദീപം, 2025 ഡിസംബർ 28)

17. പ്രാവ്: യുദ്ധങ്ങളുടെയും അതിക്രമങ്ങളുടെയും ഈ ലോകത്ത് ഈശോയാണ് സമാധാനത്തിന്റെ ദൂതൻ. നമെല്ലാവരും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശവാഹകരാകണം. (വചനദീപം, പേജ് 9)

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. പാഠം 9/ പേജ് 64/പാര 4
    ദൈവം മോശവഴി നൽകിയ കല്പനകൾ

19. പാഠം 11/ പേജ് 78/പാര 2
    സ്വർഗാരോഹണത്തിനുശേഷം പത്താം ദിവസം പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെമേൽ തീനാവുകളുടെ രൂപത്തിൽ എഴുന്നള്ളിവന്ന സംഭവമാണ്.

20. പാഠം 9/ പേജ് 65/പാര 3
    രണ്ടുതരം; ദൈവപ്രമാണങ്ങൾ, തിരുസഭയുടെ കല്പനകൾ

21. പാഠം 14/ പേജ് 94/പാര 1
    ഏശയ്യാ, ജറെമിയ, എസെക്കിയേൽ, ദാനിയേൽ

22. പാഠം 12/ പേജ് 84/പാര 5
    ഈശോ ഞായറാഴ്ച ഉയർത്തെഴുന്നേറ്റതിനെ അനുസ്മരിച്ചുകൊണ്ട്.

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

23. ഉപപാഠം 8/ പേജ് 27-28)

- അദ്ധ്യായം 8 - സ്നേഹം തന്നെയായ ദൈവം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**16/02/2025** | **മാർക്ക് - 50**
**10.30pm - 12.30pm** | **STD - V** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

1. നീസാൻ മാസം പതിനാലാം തീയതി ഇസ്രായേൽക്കാർ ആചരിക്കുന്ന തിരുനാൾ ഏത്?
2. ഇസ്രായേൽജനതയുടെ മധ്യത്തിലെ ദൈവത്തിന്റെ സാന്നിദ്ധ്യമായിരുന്നത് എന്ത്?
3. ഇസ്രായേലിലെ അവസാനത്തെ ന്യായാധിപൻ?
4. ദൈവത്തെ മറന്നു പ്രവർത്തിക്കാൻ തുടങ്ങിയ ഇസ്രായേൽക്കാരെ ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവരാൻ നിയോഗിക്കപ്പെട്ടവർ ആര്?
5. "ദൈവത്തിന്റെ വലിയ കരവിരുതാണു പ്രകൃതി. നമുക്കായി ദൈവം ചൊരിഞ്ഞ സ്നേഹമാണ് പ്രകൃതി." ഇപ്രകാരം പറഞ്ഞത് ആര്?
6. ഇമ്മാനുവേൽ പ്രവചനത്തിൽ ശിശുവിന് അസാധാരണവിശേഷണങ്ങൾ നൽകിയത് ആര്?
7. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതെന്ന്?
8. ഇസ്രായേൽജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ നിന്നും രൂപം കൊണ്ട പ്രാർത്ഥനാഗീതങ്ങൾ ഏത്?
9. പുതിയനിയമജനതയായ സഭാസമൂഹത്തിന് മാർഗനിർദ്ദേശങ്ങൾ നൽകുന്നവർ ആര്?
10. "പ്രാർത്ഥന എന്നത് ആത്മാവിന്റെ നിരന്തരമായ പരിശോധനയാണ്. ദൈവം തന്ന ആത്മാവ് ദൈവത്തേപ്പോലെയാണോ എന്ന പരിശോധന." കാർലോ അക്കൂത്തിസിനെ ഏറെ സ്വാധീനിച്ച ഈ വാക്കുകൾ ആരുടെതാണ്?
11. സിനഗോഗ് എന്ന പേരുണ്ടായ 'സുനാഗോ' എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം എന്ത്?
12. തിരുനാളുകളുടെ തിരുനാൾ എന്നറിയപ്പെടുന്ന തിരുനാൾ ഏത്?

| ഉത്തരപെട്ടി |
|---|
| പന്തക്കുസ്താദിനം |
| സങ്കീർത്തനങ്ങൾ |
| ഫ്രാൻസീസ് മാർപാപ്പ |
| ഒന്നിച്ചുകൂടുക |
| വാഗ്ദാനപേടകം |
| സഭാപ്രബോധകർ |
| പ്രവാചകൻമാർ |
| മോശ |
| ഏശയ്യ |
| ബനഡിക്ട് പതിനാറാമൻ മാർപാപ്പ |
| സാമുവൽ |
| ദനഹാത്തിരുന്നാൾ |
| പെസഹാത്തിരുനാൾ |
| ഉയിർപ്പുതിരുനാൾ |
| കാർലോ അക്കൂത്തിസ് |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക** **3X2=6**

13. താഴെ നൽകിയിരിക്കുന്ന പ്രവാചകരിൽ നിന്നും ചെറിയ പ്രവാചകരെ കണ്ടെത്തി തരം തിരിക്കുക.

| | | | | |
|---|---|---|---|---|
| മിക്കാ | എസെക്കിയേൽ | ജറെമിയ | ജോയേൽ | ആമോസ് |
| ഏശയ്യ | സഖറിയാ | സെഫാനിയാ | ദാനിയേൽ | ഹോസിയ |

14. a) പുതിയ ദൈവജനമായ ........... ദൈവാരാധനയ്ക്കുള്ള സ്ഥലമാണ് ദൈവാലയം.

b) .............. അടയാളങ്ങളാണ് ദൈവാലയങ്ങൾ.

c) ദൈവത്തിന്റെ ബലിപീഠത്തിനു മുന്നിൽ ഒരുമിച്ചുകൂടുന്നവരാണ് യഥാർത്ഥ .............

## C. ചേരുംപടി ചേർക്കുക 1X5=5

| | | |
|---|---|---|
| 15. പാപപരിഹാരദിനം | - | അമ്പതാം ദിവസം |
| മിശിഹാ | - | സുവർണ്ണകാലഘട്ടം |
| പന്തക്കുസ്താ | - | ആദ്യത്തെ രാജാവ് |
| സോളമൻ | - | അഭിഷിക്തൻ |
| എസെക്കിയേൽ | - | ഇമ്മാനുവേൽ പ്രവചനം |
| | - | യോംകിപ്പൂർ |
| | - | മിശിഹാ നല്ല ഇടയൻ |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

16. മനസ്താപപ്രകരണം എഴുതുക?

17. 'ബലിപീഠം ആകുന്ന ഏദൻ തോട്ടത്തിൽ നിന്ന് ഭക്ഷിക്കുന്ന ക്രിസ്ത്യാനി നിത്യജീവന് യോഗ്യനാകുന്നു' എന്ന് പഠിപ്പിച്ച സഭാപിതാവ്?

18. വചനം പൂർത്തിയാക്കുക. യോഹന്നാൻ 14:14, "എന്റെ നാമത്തിൽ ........."

19. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തിരമാലകൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

20. പന്തക്കുസ്താത്തിരുനാളിന്റെ മറ്റു മൂന്നു പേരുകൾ എഴുതുക.

21. ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ സങ്കീർത്തനങ്ങളെ മൂന്നായി തിരിച്ചിരിക്കുന്നത് എങ്ങനെ?

22. ഇസ്രായേൽ സമൂഹത്തിൽ പുരോഹിതന്മാർ നിയുക്തരായത് എന്തിന്?

23. വലിയ പ്രവാചകരും, പുസ്തകങ്ങളുടെ പേരിൽ അറിയപ്പെടാത്തവരുമായ ഇസ്രായേലിലെ പ്രവാചകരിൽ പ്രധാനികൾ ആരെല്ലാം?

24. ജൂബിലിയാചരണം ഇസ്രായേൽക്കാരെ ഓർമ്മപ്പെടുത്തിയിരുന്നത് എന്ത്?

## F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

25. സഭയിൽ പലവിധത്തിലുള്ള തിരുനാളുകൾ ഉണ്ട്. അവയിൽ പ്രധാനപ്പെട്ട നമ്മുടെ കർത്താവായ ഈശോയുടെ തിരുനാളുകളെക്കുറിച്ച് വിവരിക്കുക.

**(അല്ലെങ്കിൽ)**

'ദൈവസ്നേഹം സഹജരിൽ' എന്ന പാഠത്തിൽ കാർലോ അക്കൂത്തിസ്, ഇമ്മാനുവേൽ എന്ന വ്യക്തിയിൽ ഈശോയുടെ മുഖം കണ്ട് സഹായിച്ചത് എങ്ങനെയെന്ന് വിവരിക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

## STD - V

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക.**

**1X10=10**

1 പെസഹാത്തിരുനാൾ (Lesson 11, Page 75, Para 4)

2 വാഗ്ദാനപേടകം (Lesson 12, Page 82, Para 2)

3 സാമുവൽ (Lesson 13, Page 88, Para 2)

4 പ്രവാചകൻമാർ (Lesson 14, Page 93, Para 1)

5 കാർലോ അക്കൂത്തിസ് (ഉപപാഠം Lesson 6, Page 24, Para 2)

6 ഏശയ്യാ (Lesson 15, Page 100, Para 4)

7 പന്തക്കുസ്താദിനം (Lesson 11, Page 78, Para 2 )

8 സങ്കീർത്തനങ്ങൾ (Lesson 12, Page 83, Para 1)

9 സഭാപ്രബോധകർ (Lesson 14, Page 96, Para 2)

10 ബനഡിക്ട് പതിനാറാമൻ മാർപാപ്പ (ഉപപാഠം Lesson 8, Page 28, Para 1)

11 ഒന്നിച്ചുകൂടുക (Lesson 12, Page 82, Para 4)

12. ഉയിർപ്പുതിരുനാൾ (Lesson 11, Page 77, Para 5)

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക** **3X2=6**

13 സഖറിയാ, ജോയേൽ, ആമോസ്, മിക്കാ, സെഫാനിയാ, ഹോസിയ
(Lesson 14, Page 94, Para 1)

**പൂരിപ്പിക്കുക**

14 സഭയ്ക്ക്, ദൈവസാന്നിദ്ധ്യത്തിന്റെ, ദൈവജനം (Lesson 12, Page 84, Para 4)

**C. ചേരുംപടി ചേർക്കുക** **1X5=5**

15 പാപപരിഹാരദിനം - യോംകിപ്പൂർ (Lesson 11, Page 76, Para 4)
മിശിഹാ - അഭിഷിക്തൻ (Lesson 15, Page 99, Para 2)
പന്തക്കുസ്താ - അമ്പതാം ദിവസം (Lesson 11, Page 76, Para 3)
സോളമൻ - സുവർണകാലഘട്ടം (Lesson 13, Page 89, Para 4)
എസെക്കിയേൽ - മിശിഹാ നല്ല ഇടയൻ (Lesson 15, Page 101, Para 3)

**D. നമസ്ക്കാരങ്ങൾ/ സത്യദീപം/ബൈബിൾ /ലോഗോ** **(Mark 1 x 4 = 4)**

16. നമസ്കാരം 17, Page 12

17. വി. അപ്രേം (സത്യദീപം, നവംബർ 20, പേജ് 09)

18. യോഹന്നാൻ 14:14 (വചനദീപം, പേജ് 27, ഡിസംബർ 15)

19. 'തിരമാലകൾ' (വചനദീപം, പേജ് 10)

**E. ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക** **1X 5=5**

20. (Lesson 11, Page 76,Para 3)

21. (Lesson 12, Page 83, Para 2)

22. (Lesson 13, Page 90, Para 3)

23. (Lesson 14, Page 94, Para 2)
24. (Lesson 12, Page 84, Para 3)

**F. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക** **5X 1=5**

25. (Lesson 11, Page 77-78)

OR

ദൈവസ്നേഹം സഹജരിൽ (ഉപപാഠം Lesson 7, Page 25- 26 )

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**18/02/2024** | **മാർക്ക് – 50**
**10.30 A.M. - 12.30 P.M.** | **STD - V** | **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X10=10**

1. ഇസ്രായേലിന് ദൈവത്തോടുള്ള ബന്ധത്തിന്റെ പ്രതീകം
2. 'ആഴ്ചകളുടെ തിരുനാൾ' ഏത്?
3. ഇസ്രായേൽജനത്തിന്റെ പ്രാർത്ഥനാഗീതങ്ങൾ
4. പന്ത്രണ്ട് ന്യായാധിപന്മാരുടെ ചരിത്രം വിവരിക്കുന്ന പഴയനിയമത്തിലെ ഗ്രന്ഥം
5. ഇസ്രായേൽജനത്തെ സത്യദൈവവിശ്വാസത്തിൽ ഉറപ്പിക്കാൻ പ്രവർത്തിച്ച പ്രവാചകൻ
6. ഇമ്മാനുവേൽ പ്രവചനത്തിൽ ശിശുവിന് അസാധാരണവിശേഷങ്ങൾ നൽകിയത് ആര്?
7. ഈശോയുടെ മാമ്മോദീസായെ അനുസ്മരിക്കുന്ന തിരുനാൾ
8. ആരുടെ ഭരണകാലമാണ് ഇസ്രായേലിന്റെ സുവർണകാലഘട്ടം?
9. മോശയുടെ നിയമത്തിന്റെ രത്നച്ചുരുക്കം
10. ഇസ്രായേൽജനം പെസഹാത്തിരുനാൾ ആചരിച്ചത് എവിടെ വച്ചാണ്?

| |
|---|
| സീനായ് മരുഭൂമിയിൽ |
| സങ്കീർത്തനങ്ങൾ |
| സെഹിയോൻ മാളിക |
| പൗരോഹിത്യം |
| ഏലിയ |
| സോളമൻ |
| ദനഹാത്തിരുനാൾ |
| ക്രിസ്തുമസ് |
| ഏശയ്യ |
| ന്യായാധിപന്മാർ |
| രാജാക്കന്മാർ |
| സുഭാഷിതങ്ങൾ |
| പന്തക്കുസ്താ |
| ഉയിർപ്പുതിരുനാൾ |
| പത്തുകല്പനകൾ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക** **3X2=6**

11. വലിയ പ്രവാചകന്മാരെയും ചെറിയ പ്രവാചകന്മാരെയും തരംതിരിച്ചെഴുതുക.

| | |
|---|---|
| ഏശയ്യാ | ഹോസിയ |
| മിക്കാ | യോനാ |
| ജോയേൽ | എസെക്കിയേൽ |
| ജറെമിയാ | ആമോസ് |
| സഖറിയാ | ദാനിയേൽ |

12. ഇസ്രായേൽക്കാർ ദൈവത്തിന് ബലികൾ അർപ്പിച്ചിരുന്നത് എന്തിനെല്ലാം?

a) ദൈവത്തിന് ആരാധനയും സ്തുതിയും അർപ്പിക്കുന്നതിന്

b) ........................ c) ........................ d) ........................

## C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക (ഏതെങ്കിലും 5 എണ്ണം) 5X1=5

13.

| | | |
|---|---|---|
| a) ദൈവസാന്നിധ്യം | - | ദിവ്യകാരുണ്യം |
| b) നിയമം പഠിപ്പിക്കുക | - | എസെക്കിയേൽ |
| c) പ്രത്യാശയുടെ സന്ദേശം | - | വാഗ്ദാനപേടകം |
| d) അവസാനത്തെ പ്രവാചകൻ | - | പുരോഹിതന്മാർ |
| e) തിരുസഭയിലുള്ള നിയമങ്ങൾ | - | സ്നാപകയോഹന്നാൻ |
| f) 'സ്വർഗത്തിലേക്കുള്ള എന്റെ ഹൈവേ' | - | വാഴ്ത്തപ്പെട്ട കാർലോ അക്കൂത്തിസ് |
| g) ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ വെർച്ചൽ ലൈബ്രറി | - | സഭയുടെ സന്താനങ്ങൾ |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. തിരുവചനം എഴുതുക. റോമാ 12:21 "തിന്മ നിങ്ങളെ ......"
15. നിത്യസഹായ മാതാവിന്റെ നാമധേയത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ ദൈവാലയം ഏത്? അത് ഏത് അതിരൂപതയിലാണ് സ്ഥിതിചെയ്യുന്നത്?
16. ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ രണ്ടെണ്ണം എഴുതുക.
17. 2023–2024 വിശ്വാസപരിശീലനവർഷത്തിന്റെ നന്മയിൽ വളരാം എന്ന ലോഗോയിൽ കാണുന്ന 'വിരിച്ചുപിടിച്ച കൈകൾ' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. ഇസ്രായേൽക്കാരുടെ ജൂബിലിയാചരണം ഓർമ്മപ്പെടുത്തുന്നതെന്ത്?
19. യോഹന്നാൻ തന്റെ ദൗത്യം അവസാനിപ്പിക്കുന്നത് എങ്ങനെ?
20. ഇസ്രായേൽക്കാരുടെ ജീവിതവ്രതം എന്തായിരുന്നു?
21. 'യോംകിപ്പൂർ' എന്ന പദം അനുസ്മരിപ്പിക്കുന്നത് എന്ത്?
22. പ്രവാചകന്മാർ ഇസ്രായേൽജനത്തിനു നൽകിയ ആഹ്വാനം എന്തായിരുന്നു?

## F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും വാഗ്ദാനങ്ങളുടെയും പ്രവചനങ്ങളുടെയും പൂർത്തീകരണം മിശിഹാ ആകുന്നത് എപ്രകാരമെന്ന് പതിനഞ്ചാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

24. വാഴ്ത്തപ്പെട്ട കാർലോ അക്കൂത്തിസിന്റെ ജീവിതം നിങ്ങളെ എപ്രകാരം സ്വാധീനിച്ചിട്ടുണ്ട് എന്ന് വ്യക്തിപരമായ അനുഭവങ്ങളെ ആസ്പദമാക്കി വിശദമാക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**19/02/2023** | **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - V** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1X5=5

1. ഇസ്രായേൽജനത്തിന് ദൈവാരാധനയ്ക്കും വിശ്വാസപ്രകടനത്തിനുമുള്ള കേന്ദ്രം (ദൈവാലയം / സിനഗോഗ്)
2. ഓരോ മനുഷ്യന്റെയും അന്തിമമായ ലക്ഷ്യം (സ്വർഗത്തിൽ എത്തിച്ചേരുക / വിശുദ്ധി പ്രാപിക്കുക)
3. ഇസ്രായേൽക്കാരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു (കല്പനകൾ / ഉടമ്പടി)
4. പറുദീസായിൽ ആരംഭിച്ച രക്ഷാകരപദ്ധതി പൂർത്തിയായത് (പുതിയനിയമത്തിൽ / കാനാൻദേശത്തിൽ)
5. മോശയുടെ പിൻഗാമിയായി ഇസ്രായേലിനെ നയിക്കാൻ ദൈവം നിയോഗിച്ചത് (ജോഷ്വയെ / അഹറോനെ)

## B. യോജിച്ച ഉത്തരങ്ങൾ ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X9=9

6. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്ന തിരുനാൾ
7. വി. കുർബാന സ്ഥാപിച്ചതിന്റെ ഓർമ്മ തിരുനാൾ
8. സഭയുടെ ഔദ്യോഗിക ഉദ്ഘാടനം എന്ന്?
9 സാബത്ത് എന്ന ഹീബ്രുപദത്തിന്റെ അർത്ഥം
10 സിനഗോഗ് എന്നതിന്റെ അർത്ഥം
11. ഇസ്രായേൽജനത്തിന്റെ പ്രാർത്ഥനാഗീതങ്ങൾ
12. ഇസ്രായേലിലെ അവസാനത്തെ ന്യായാധിപൻ
13. ഇസ്രായേലിലെ ജ്ഞാനിയായ രാജാവ്
14. സാർവ്വത്രിക സഭയിൽ നേതൃത്വശുശ്രൂഷ നിർവ്വഹിക്കുന്നത്


ഉത്തരപ്പെട്ടി:
കൂടാരത്തിരുനാൾ
മെത്രാൻ
സങ്കീർത്തനങ്ങൾ
ദനഹാത്തിരുനാൾ
എസെക്കിയേൽ
വിശ്രമിക്കുക
സാമുവൽ
മാർപാപ്പ
പന്തക്കുസ്താ
ഒന്നിച്ചു കൂടുക
ഉപവാസം
സോളമൻ
പെസഹാ

## C. തരംതിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

15. ഇസ്രായേൽജനത്തിന്റെ കാനാൻദേശത്തേക്കുള്ള യാത്രയിൽ സംഭവിച്ച പ്രധാന സംഭവങ്ങൾ താഴെ തന്നിരിക്കുന്നു. ഇവ ക്രമത്തിൽ എഴുതുക.

| | | |
|---|---|---|
| കാനാൻദേശം കീഴടക്കുന്നു | വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കുന്നു | ജോഷ്വയുടെ നേതൃത്വം |
| സ്മാരക ശിലകൾ സ്ഥാപിക്കുന്നു | മോശയുടെ മരണം | ധൈര്യവും ശക്തിയും നൽകി ദൈവം മോശയെ നിയോഗിച്ചു |


16. ഉടമ്പടി ജനത്തിന്റെ പ്രത്യേകതകൾ പൂരിപ്പിച്ച് പദചക്രം പൂർത്തിയാക്കുക




**D. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക** **5X1=5**

17. കൃത്യമായ കീ കണ്ടെത്തി എഴുതുക.

| | |
|---|---|
| ബെനഡിക്ട് പതിനാറാമൻ | A |
| "അവൻ അവരോടു പറഞ്ഞു: എന്നെ അനുഗമിക്കുക; ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും." | B |
| അന്യരുടെ നന്മയിലുള്ള അസൂയ | C |
| സ്വർഗത്തിലേക്കുള്ള എന്റെ ഹൈവേയാണ് ദിവ്യകാരുണ്യം | D |
| അഭിഷിക്തൻ | E |




**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

18. തന്റെ അടുക്കലേക്ക് വരുന്ന ഈശോയെ കാണിച്ചുകൊണ്ട് സ്നാപകയോഹന്നാൻ പറഞ്ഞതെന്ത്?

19. ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ സങ്കീർത്തനങ്ങളെ ഏതെല്ലാം ഗണങ്ങളായി തിരിക്കാം?

20. ദൈവത്തെ മറന്നു പ്രവർത്തിക്കാൻ തുടങ്ങിയ ഇസ്രായേൽക്കാരെ ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവരാൻ നിയോഗിക്കപ്പെട്ടവർ?

21. സഭാപ്രബോധകർ ആരാണ്?

22. എസെക്കിയേൽ പ്രവാചകൻ മിശിഹാ എങ്ങനെയുള്ള ആളായിരിക്കും എന്നാണ് പ്രവചിച്ചത്?

**F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. ഇടവകയിലെ തിരുനാളാഘോഷങ്ങളിൽ പങ്കെടുക്കുന്നവരാണല്ലോ നിങ്ങൾ. ഈ തിരുനാളുകൾ നിങ്ങൾക്ക് ഈശോ അനുഭവം നൽകുന്നുണ്ടോ? തിരുനാളാഘോഷങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ, കാഴ്ചപ്പാടുകൾ, വിലയിരുത്തലുകൾ, നിർദേശങ്ങൾ വികാരിയച്ചന് ഒരു കത്ത് രൂപത്തിൽ എഴുതുക.

24. ഇന്റേണൽ അസസ്സ്മെന്റ് : 15

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.